'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ കേരള പണിയസമാജം പ്രസിഡന്റ് ശ്രീ. ബാലകൃഷ്ണൻ, വൈത്തിരി സമർപ്പിച്ച ഹർജി പരിഗണിച്ച് വയനാട് ഡിസ്ട്രിക്റ്റ് എസ്.സി./എസ്.ടി കൺസ്ട്രക്ഷൻ കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. ഡബ്ല്യൂ52 വൈത്തിരി, വയനാട് ജില്ല എന്ന സൊസൈറ്റിക്ക് പണിയർക്ക് അനുവദിക്കുന്ന വീടുകളുടെ നിർമാണ ചുമതല ഏൽപിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.2804/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/12/2019

---

പരാമർശം:- 1 കേരള നിയമസഭയുടെ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ കേരള പണിയൻ സമാജം പ്രസിഡന്റ് 17/05/2018ൽ സമർപ്പിച്ച അപേക്ഷ.

2 സ.ഉ(കൈ)34/2018/തസ്വഭവ തീയതി. 16/03/2018.

3 പഞ്ചായത്ത് ഡയറക്ടറുടെ 29.12.2018, 16.10.2019 എന്നീ തീയതികളിലെ ജെ2-27640/2018 നമ്പർ കത്തുകൾ.

ഉത്തരവ്

കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ കേരള പണിയസമാജം പ്രസിഡന്റ് ശ്രീ. ബാലകൃഷ്ണൻ വൈത്തിരി പരാമർശം 1 പ്രകാരം സമർപ്പിച്ച ഹർജിയിൽ പണിയ വിഭാഗക്കാർക്ക് അനുവദിക്കുന്ന വീടുകളുടെ നിർമ്മാണ ചുമതല പഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്ത സൊസൈറ്റിയെ ഏൽപിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു .

2. ലൈഫ് ഭവന പദ്ധതിയിൽ ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ടു പുറപ്പെടുവിച്ച പരാമർശം 2ലെ സർക്കാർ ഉത്തരവിൽ നേരിട്ട് ഭവന നിർമ്മാണം നടത്താൻ കഴിയാത്തവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ/ കരാറുകാർ എന്നിവർ മുഖേന ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവന നിർമ്മാണം നടത്താവുന്നതാണെന്നും. കുടുംബശ്രീ മുഖേന വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ, സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ, പട്ടിക വർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടിക വർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവയെ അംഗീകൃത ഏജൻസിയായി പരിഗണിച്ച് ഭവന നിർമ്മാണ ചുമതല നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്ക് അവയുടെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തി, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഗ്രാമ പഞ്ചായത്തുകളുടെ സ്വന്തം ഉത്തരവാദിത്തത്തിൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭവന നിർമ്മാണ ചുമതല ഏൽപ്പിക്കുന്നത് പരിഗണിക്കാമെന്ന് പരാമർശം 3ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്തിൽ മാത്രമാണ് ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റി ഉള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഈ വിഷയം പരാമർശം 2ലെ സർക്കാർ ഉത്തരവിന്റെയും പരാമർശം 3ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്തുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയും മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, വൈത്തിരി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള

വയനാട് ഡിസ്ട്രിക്ക് എസ്.സി./എസ്.ടി കൺസ്ട്രക്ഷൻ കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. ഡബ്ല്യൂ.52 വൈത്തിരി, വയനാട് ജില്ല എന്ന സൊസൈറ്റിക്ക് അവയുടെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തി, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ടി ഗ്രാമപഞ്ചായത്തിന്റെ സ്വന്തം ഉത്തരവാദിത്തത്തിൽ മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭവന നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാകളക്ടർ, വയനാട്.

ശ്രീ. ബാലകൃഷ്ണൻ വൈത്തിരി, ജില്ലാ പ്രസിഡന്റ്, കേരള പണിയൻ സമാജം

ചേരിക്കുന്ന് വീട്, പഴയവൈത്തിരി, വൈത്തിരി പി.ഒ വയനാട്.

സെക്രട്ടറി, വയനാട് ഡിസ്ട്രിക്ക് എസ്.സി./എസ്.ടി കൺസ്ട്രക്ഷൻ കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. ഡബ്ല്യൂ.52 വൈത്തിരി, വയനാട് ജില്ല .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ